LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. സി. ജോർജ്: അന്വേഷിക്കാതെ എങ്ങനെ മനസ്സിലാകും പോലീസുകാർ ഇടപെട്ടിട്ടില്ലെന്നു്?

ശ്രീ. എ. ജെ. ജാൺ: അല്ലാതെതന്നെ ഗവണ്മെന്റിനു് മനസ്സിലായിട്ടുണ്ടു്.

കൃഷിനികുതിയിളവു്.

*70. [6] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954–55-ൽ കൃഷിപ്പിഴയുണ്ടായതിന്റെ പേരിൽ സംസ്ഥാനത്തെവിടെയെങ്കിലും ഗവണ്മെന്റിനു ലഭിക്കേണ്ടതായ നികുതിയിനങ്ങൾ ഇളവു ചെയ്തുകൊടുക്കുകയോ ഗവണ്മെന്റിൽനിന്നും കൃഷിക്കാർക്കു ധനസഹായം നൽകുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) വെള്ളായണിക്കായൽ നിലങ്ങളിൽ 1129–ൽ വെള്ളപ്പൊക്കംമൂലം കൃഷി നശിച്ചുപോയതുകൊണ്ടു് നികുതി ഇളവുചെയ്തുകിട്ടണമെന്നു് അവിടത്തെ കർഷകർ നിവേദനം നടത്തിയിട്ടുണ്ടോ;

(ഡി) അതിന്മേൽ ഗവണ്മെന്റു് എന്തു നടപടിയെടുത്തു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഭൂനികുതി ഇളവു ചെയ്തിട്ടില്ല. ധനസഹായം ചെയ്തിട്ടുണ്ടു്.

(ബി) ധനസഹായം ചെയ്തിട്ടുള്ളതു് കോട്ടയം താലൂക്കിൽ കൈപ്പുഴ വില്ലേജിലാണു്.

(സി) ഉണ്ടു്.

(ഡി) ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ: എത്രകാലമായി പരാതി കിട്ടിയിട്ടു്?

ശ്രീ. എ. ജെ. ജാൺ: തീയ്യതി നല്ല നിശ്ചയമില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: വെള്ളപ്പൊക്കംമൂലം നശിച്ച സ്ഥലങ്ങളിലെ നികുതി ഇളവുചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ലാൻഡ്ടാക്സ് ഇളവുചെയ്തുകൊടുത്തിട്ടുണ്ടു്.

മരച്ചീനി സഹകരണസംഘങ്ങൾ.

*71. [7] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു 1955 ആഗസ്റ്റ് 15–ാം തീയതി വരെ എത്ര മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(ബി) ഈ സംഘങ്ങളെല്ലാം കൂടി എത്ര ടൺ മരച്ചീനി ശേഖരിക്കുകയുണ്ടായി;

(സി) അതിൽ എത്ര ടൺ വിററഴിഞ്ഞു;

(ഡി) മരച്ചീനി സബ്സിഡിയിനത്തിൽ 1955 ആഗസ്ററ 15-ാം തിയതിവരെ ഗവണ്മെൻറിന് എന്തു തുക ചെലവായി?

ആഭ്യന്തരകാര്യമന്ത്രി (**ശ്രീ. എ. ജെ. ജാൺ**):

(എ) പുതിയതായി 194 സംഘങ്ങൾ രജിസ്റ്റർ ചെയ്തു. മൂന്നെണ്ണം മരച്ചീനി സംഘങ്ങൾ ആയി മാററിയതു ഉൾപ്പെടെ ആകെ 197.

(ബി) സഹകരണസംഘങ്ങൾ ശേഖരിച്ച മരച്ചീനിയുടെ കണക്ക് ഗവണ്മെൻറിൻെറ കൈവശം ഇല്ല. സംഘങ്ങളിൽനിന്നും ആകെ 9794 ടൺ 3 ഹ. 2. ക്വാർട്ടർ 27 പൗണ്ട് ഉണക്കിയ മരച്ചീനി വിലയ്ക്ക് എടുത്തിട്ടുണ്ട്.

(സി) ഗവണ്മെൻറ് വാങ്ങിയ മരച്ചീനിയുടെ വില്പന തുടങ്ങിയിട്ടില്ല.

(ഡി) സംബ്സിഡി ഇനത്തിൽ ഈ കഴിഞ്ഞ ആഗസ്ററ വരെ ഗവണ്മെൻറിൻെറ ചെലവു ഒന്നും ഇല്ല.

ശ്രീ. പി. വിശ്വംഭരൻ: ശേഖരിച്ചിട്ടുള്ള കപ്പ വിററഴിയാതെ ചീത്തയായിപ്പോകുന്നുവെന്ന് അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതിനുവേണ്ട നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്.

കൊലപാതകങ്ങൾ.

* 72. [8] **ശ്രീ. ആർ. സുഗതൻ:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ മുതലാളിമാരുടെ ഗുണ്ടാകൾ തൊഴിലാളിപ്രവർത്തകരെ കുത്തിക്കൊന്നതായി പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) അച്ചൻകോവിൽ, പൊന്നാൻചുണ്ട്, എരുമേലി എന്നീ സ്ഥലങ്ങളിൽവച്ച് ഇത്തരം കൊലപാതകങ്ങൾ നടത്തിയ ഗുണ്ടാകളുടെ മേൽ കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (**ശ്രീ. എ. ജെ. ജാൺ**):

(എ) ഇല്ല.

(ബി) അച്ചൻകോവിൽ, പൊന്നാൻചുണ്ട് ഈ സ്ഥലങ്ങളിൽ ഐ. എൻ. ററി. യു. സി.-യും കമ്മ്യൂണിസ്ററപാർട്ടിയും തമ്മിൽ സംഘട്ടനം ഉണ്ട്. അവയെപ്പററി കേസുകൾ നിലവിൽ ഉണ്ട്.

ശ്രീ. ആർ. സുഗതൻ: എരുമേലി സംഭവം എന്താണ്?

ശ്രീ. എ. ജെ. ജാൺ: അതിൻെറ പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടില്ല.

ശ്രീ. ആർ. സുഗതൻ: അച്ചൻകോവിൽ കേസിലെ വാദിഭാഗം സാക്ഷിയെ പ്രതിയാക്കിയതായി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly